ഉത്തരം

(എ) നിലവിലില്ല.

(ബി) ആരാധനാലയങ്ങൾ ഉപയോഗിച്ച വൈദ്യുതി സംബന്ധിച്ച് പ്രത്യേകം കണക്ക് ലഭ്യമല്ല.

കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളുടെ വിശദാംശം

191 (1155) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 2010 ഒക്ടോബർ 31-നുശേഷം കെ.എസ്.ഇ.ബി.യിൽ പുതുതായി എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ ഒഴിവുകൾ സൃഷ്ടിക്കപ്പെടും ;

(സി) കെ.എസ്.ഇ.ബി. യിൽ പ്രധാനമായും സബ്സ്റ്റേഷനുകളിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിലേക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) 2011 മാർച്ചോടുകൂടി പ്രൊമോഷൻ, റിട്ടയർമെന്റ് മുതലായവമൂലം പ്രസ്തുത തസ്തികയിൽ എത്ര വേക്കൻസികൾ കൂടി ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിലവിലുള്ള തസ്തികയിൽ ശൂന്യവേതന അവധി, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി എത്ര ഒഴിവുകൾ ഉണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ഇ.ബി.-യിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എന്നത്തേക്ക് പ്രൊമോഷൻ വഴി നികത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 229 ഒഴിവുകളുണ്ട്. (പി.എസ്.സി. മുഖേനയും പ്രൊമോഷൻ മുഖേനയും നികത്തേണ്ട ഒഴിവുകൾ)

(ബി) 2010 ഒക്ടോബർ 31-ന് ശേഷം 128 ഒഴിവുകളുണ്ട്. (പി.എസ്.സി. മുഖേനയും പ്രൊമോഷൻ മുഖേനയും നികത്തേണ്ടതായ ഒഴിവുകൾ). ടി ഒഴിവുകൾ ഉൾപ്പെടെയാണ് (എ)-യിൽ പറഞ്ഞിട്ടുള്ള ഒഴിവുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സംസ്ഥാന തലത്തിൽ മൊത്തമായുണ്ടാകുന്ന ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി. മുഖേന നികത്തേണ്ടവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ. ബോർഡിന്റെ വിവിധ ഓഫീസുകളിൽ നിയമിക്കുകയാണ് പതിവ്.

(ഡി) കെ.എസ്.ഇ. ബോർഡിൽ റിട്ടയർമെന്റ് തീയതി ഏകീകരണം നടപ്പാക്കിയിട്ടില്ല. നിലവിൽ റിട്ടയർമെന്റ്, തീയതി പ്രൊമോഷൻ എന്നിവ മുഖേനയുണ്ടായിട്ടുള്ളതായ ഒഴിവുകളാണ് (എ)-യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതായ 229 ഒഴിവുകൾ.

(ഇ) ശൂന്യവേതനാവധി മുഖേനയുള്ള ഒഴിവുകൾ - 20

പ്രൊമോഷൻ മുഖേനയുള്ള ഒഴിവുകൾ - 101

റിട്ടയർമെന്റ് മുഖേനയുള്ള ഒഴിവുകൾ - 4

ടി ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചു വരുന്നു.

ഇരിക്കൂർ, തളിപ്പറമ്പ്, പേരാവൂർ നിയോജകമണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ

192 (1156) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ, തളിപ്പറമ്പ്, പേരാവൂർ നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) ഓരോ നിയോജകമണ്ഡലത്തിലും വൈദ്യുതീകരണം പൂർത്തിയാക്കുവാൻ എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) ഇതിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ മണ്ഡലങ്ങളിലും എസ്റ്റിമേറ്റ് പൂർത്തീകരിക്കുന്നതിനും ഫണ്ടുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തളിപ്പറമ്പ്, പേരാവൂർ നിയോജക മണ്ഡലങ്ങളുടെ വൈദ്യുതീകരണത്തിനുള്ള ഉത്തരവ് ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly